(1)	(2)	(3)
മലപ്പുറം	10	3,30,000
പാലക്കാട്	6	3,10,000
കോഴിക്കോട്	12	3,40,000
വയനാട്	6	2,25,000
കണ്ണൂർ	4	2,45,000
കാസർഗോഡ്	...	3,60,000

(ബി) പിഴ നൽകി വീണ്ടും ഇറന്ന സ്ഥാപനങ്ങളിൽ വീണ്ടും ഭക്ഷ്യസുരക്ഷാ വകുപ്പ് പരിശോധനകൾ നടത്താറുണ്ട്. വീണ്ടും അത്തരം സ്ഥാപനങ്ങളിൽ വീഴ്ച കണ്ടെത്തിയിട്ടില്ല.

(സി) ഒരാൾ മരണപ്പെട്ടത് സംബന്ധിച്ച കേസ് നിലവിലുണ്ട്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് ഊർജ്ജിത ഭക്ഷ്യസുരക്ഷാ വാരാചരണം നടത്തിയ വകയിൽ 2,15,000 രൂപ ചെലവായിട്ടുണ്ട്.

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൈക്കൂലി ഉടങ്ങി നിയമവിരുദ്ധ പ്രവൃത്തികളിൽ ഉദ്യോഗസ്ഥർ ആരുംതന്നെ ഉൾപ്പെട്ടതായി കണ്ടെത്തിയിട്ടില്ല

ആരോഗ്യവകുപ്പിലെ ദിവസ വേതനക്കാരുടെ വേതന വർദ്ധനവ്

37 (T2588) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ആരോഗ്യ വകുപ്പിലെ ദിവസവേതനക്കാരുടെ വേതനത്തിൽ GO (P) No. 466/2014 Fin തീയതി 28-10-2014 എന്ന ഉത്തരവു പ്രകാരമുള്ള വർദ്ധന അനുവദിച്ചിട്ടില്ലയെന്നത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയത് ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

28-10-2014-ലെ ജി. ഒ. (പി) 466/14/ഫിൻ നമ്പർ ഉത്തരവിൽ പരാമർശിക്കുന്ന തസ്തികയിൽപ്പെടുന്ന ആരോഗ്യ വകുപ്പിലെ ജീവനക്കാർക്കും മേൽ ഉത്തരവ് ബാധകമാണ്. ആരോഗ്യ വകുപ്പിലെ ദിവസവേതനത്തിൽ ജോലി ചെയ്യുന്ന സ്റ്റാഫ് നഴ്സ്, പാരാമെഡിക്കൽ ജീവനക്കാർ, നഴ്സിംഗ് അസിസ്റ്റന്റ്, ഹോസ്പിറ്റൽ അറ്റൻഡന്റ് തുടങ്ങിയവരുടെ വേതനം പുതുക്കുന്നത് സംബന്ധിച്ച ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

ആരോഗ്യ രംഗത്തുള്ള അസന്തുലിതാവസ്ഥ

38 (2589) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആരോഗ്യരംഗത്തുള്ള അസന്തുലിതാവസ്ഥ പരിഹരിക്കാൻ നാളിതുവരെ എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) ആരോഗ്യപരിപാലന രംഗത്ത് സംസ്ഥാനത്തെ പൊതുജനാരോഗ്യ പ്രവർത്തകർ ഉയർത്തുന്ന ആശങ്കകളും പ്രശ്നങ്ങളും എന്താണെന്നും ഇതിന്മേൽ ഇതുവരെ എന്തു നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ ;

(സി) ശുചിത്വമില്ലായ്മ, ശുദ്ധമല്ലാത്ത കുടിവെള്ളം, പോഷകാഹാരക്കുറവ്, വീടുകളിലും, സ്കൂളുകളിലും ശൗചാലയമില്ലായ്മ എന്നീ കാരണങ്ങളാൽ ഒഴിവാക്കാനാവാത്ത പകർച്ച വ്യാധികളും വിവിധ പകർച്ചപ്പനികളും ബാധിച്ച് ഈ സർക്കാർ കാലയളവിൽ മരണപ്പെട്ടവരുടേയും ചികിത്സയ്ക്കെത്തിയവരുടെയും വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ഡി) സംസ്ഥാനത്ത് പ്രതിവർഷം ശരാശരി എത്ര പ്രസവങ്ങൾ സർക്കാർ/സ്വകാര്യ ആശുപത്രികളിൽ നടക്കുന്നു; ഈ സർക്കാർ കാലയളവിൽ നാളിതുവരെ പ്രസവത്തിലൂടെ മരണപ്പെട്ട അമ്മമാരുടെയും കുട്ടികളുടേയും കണക്ക് വർഷം തിരിച്ച് ലഭ്യമാക്കുമോ ;

(ഇ) മനുഷ്യന്റെ മൗലികാവകാശ പ്രശ്നമായ ആരോഗ്യ പ്രശ്നത്തിൽ ഇത്തരം സ്ഥിതിവിശേഷമുള്ളത് തടയുവാനും പ്രസ്തുത പ്രശ്നങ്ങൾ അടിയന്തരമായി പരിഹരിക്കുന്നതിനും എന്തു നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ ?